(സി) ബോർഡിന്റെ നിലവിലുള്ള ഉല്പാദന കേന്ദ്രങ്ങളിൽ നിന്നുള്ള വൈദ്യുതിയും ഉപയോഗിച്ച് ഈ ആവശ്യം നിറവേറ്റാൻ കഴിയും.

(ഡി) ഇപ്പോൾ പ്രതിമാസം ഏകദേശം 36 ലക്ഷം യൂണിറ്റ് വൈദ്യുതിയാണ് റെയിൽവേയ്ക്ക് നൽകുന്നത്.

(ഇ) ഉണ്ട്.

വേമ്പനാട്ട് കായലിൽ മത്സ്യ സങ്കേതം

7 (*773) ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ. കെ. മണി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട്ട് കായലിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് മത്സ്യബന്ധന വകുപ്പ് കാർഷിക സർവകലാശാലയുമായി ചേർന്ന് എത്ര മത്സ്യ സങ്കേതം സ്ഥാപിച്ചു. ഇതിന് എന്തുചെലവുണ്ടായി ;

(ബി) പ്രസ്തുത സങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്ന് പൂർത്തിയായി. പ്രസ്തുത പദ്ധതി പൂർത്തിയായ ശേഷം അവയെ ഏതുവിധത്തിൽ പരിരക്ഷിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത് ;

(സി) ഇപ്പോൾ അവ ആ വിധത്തിൽ പരിരക്ഷിക്കപ്പെടുന്നുണ്ടോ ;

(ഡി) പ്രസ്തുത സങ്കേതങ്ങളെ ഇപ്പോൾ ഏതുവിധത്തിൽ പ്രയോജനപ്പെടുത്തുന്നു ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) സംസ്ഥാന ഫിഷറീസ് വകുപ്പും കാർഷിക സർവകലാശാലയും ആലപ്പുഴ, കോട്ടയം ജില്ല പഞ്ചായത്തുകളുമായി സഹകരിച്ച് വേമ്പനാട്ട് കായലിൽ 62.29 ലക്ഷം രൂപ ചെലവിൽ മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള ചുമതല കേരള കാർഷിക സർവകലാശാലയെ ഏൽപ്പിക്കുകയും ചെയ്തു. ഇതിനാവശ്യമായ ചെലവുകൾക്ക് ആദ്യഗഡുവായി 10 ലക്ഷം രൂപ സംസ്ഥാന ഫിഷറീസ് വകുപ്പ് കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറി.

(ബി) കാർപ്പ് ഇനങ്ങളിൽപ്പെട്ട മറുനാടൻ മത്സ്യങ്ങളെ കായലിൽ വളർത്തുകയാണെങ്കിൽ അത് നാടൻ ഇനങ്ങളുടെ ഉന്മൂല നാശത്തിനു കാരണമാകുമെന്ന് അഭിപ്രായപ്പെട്ട് തദ്ദേശവാസികൾ ഈ പദ്ധതിയെ എതിർത്തു. തന്മൂലം നിർദ്ദിഷ്ട പദ്ധതി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല. യൂണിവേഴ്സിറ്റിയുടെ നേതൃത്വത്തിൽ ഗ്രാമ പഞ്ചായത്തും ഫിഷറീസ് വകുപ്പും സംയുക്തമായി ജലകൃഷി വികസനത്തിനും ഗവേഷണത്തിനും വേണ്ടി സാങ്കേതികമായി പരിപാലിക്കാനാണ് ഉദ്ദേശിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ശുദ്ധജലം കുപ്പികളിലാക്കി വിൽക്കാൻ പദ്ധതി

8 (*774) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണ കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശുദ്ധജലം കുപ്പികളിലാക്കി വിൽക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതി ഉണ്ടോ ;

(ബി) എങ്കിൽ കേരളത്തിൽ എവിടെയൊക്കെ ഫ്രാഞ്ചിസികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) പ്രതിദിനം എത്ര ലിറ്റർ ജലം ഇത്തരത്തിൽ വിൽപന നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കാമോ ;

(ഡി) ഇതിലൂടെ പ്രതിവർഷം എത്രരൂപയുടെ ആദായം പ്രതീക്ഷിക്കുന്നുണ്ടെന്നു അറിയിക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന്റെയും അധിക വിഭവ സമാഹരണത്തിന്റെയും ഭാഗമായി ശുദ്ധീകരിച്ച ജലം കുപ്പിയിലും കന്നാസിലുമായി വിൽക്കുന്നതിനുള്ള ഒരു പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപം നൽകുകയും സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതി സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ബി) തീരുമാനം എടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ

9 (*775) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യമേഖലയുമായി ബന്ധപ്പെട്ട ക്ഷേമ പ്രവർത്തനങ്ങൾക്കായി എത്ര സ്ഥാപനങ്ങളാണ് സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നത് ;

(ബി) ഈ സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly